വർഷ മഴവെള്ള കൊയ്ത്തു പദ്ധതി 5 കുടുംബങ്ങൾക്ക് ഒരു യൂണിറ്റ് എന്ന തോതിലാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്. ഒരു യൂണിറ്റിന് 62,000 രൂപ ചെലവ് കണക്കാക്കുന്നു. പ്രസ്തുത പദ്ധതിയുടെ 90% കേന്ദ്ര സഹായവും ബാക്കി 10% ഉപഭോക്തൃ വിഹിതവുമാണ്. ഈ പദ്ധതി നടപ്പിലാക്കുന്ന പ്രദേശങ്ങളിലെ ഗുണഭോക്താക്കളിൽനിന്ന് പദ്ധതി വിഹിതത്തിന്റെ 10% അതാത് പഞ്ചായത്തുകൾ വാട്ടർ അതോറിറ്റി ഡിവിഷൻ ഓഫീസുകളിൽ അടയ്ക്കണം. ഇതു കൂടാതെ 11-ാം ധനകാര്യ കമ്മീഷന്റെ അവാർഡു പയോഗിച്ച് നടപ്പിലാക്കുന്ന റെയിൻവാട്ടർ ഹാർവെസ്റ്റിംഗ് പദ്ധതികൾ ഒരു യൂണിറ്റ് ഒരു കുടുംബത്തിന് എന്ന തോതിലാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്. ഒരു യൂണിറ്റിന് ശരാശരി 25000 രൂപ മുതൽ 30000 രൂപവരെ ചെലവു കണക്കാക്കിയിരിക്കുന്നു. പ്രസ്തുത പദ്ധതിക്ക് 100% കേന്ദ്രസഹായം ലഭിക്കും. വീടുകളുടെ മേൽക്കൂരകളിൽ നിന്നും ഫുഡ്ഗ്രേഡ് പ്ലാസ്റ്റിക്ക് ഷീറ്റുകൾ ഉപയോഗിച്ച് പൈപ്പുകൾ വഴി 25000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കുകളിൽ ശേഖരിച്ച് ഫിൽറ്റർ ചെയ്തു സൂക്ഷിച്ചു വയ്ക്കുകയും ടാപ്പിൽകൂടി എടുത്ത് ഉപയോഗിക്കുകയും ചെയ്യുന്നതിന് വേണ്ടിയാണ് ഈ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുള്ളത്.

(സി) വർഷപദ്ധതിപ്രകാരം 30 പഞ്ചായത്തുകളിലായി 623 യൂണിറ്റുകൾക്ക് 256.75 ലക്ഷം രൂപയാണ് മതിപ്പ് ചെലവ് കണക്കാക്കിയിട്ടുള്ളത്. 623 യൂണിറ്റുകളിൽ 170 യൂണിറ്റുകളുടെ പണികൾ 2002-2003-ൽ പൂർത്തീകരിച്ചു. ബാക്കി 453 യൂണിറ്റുകൾ ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

11-ാം ധനകാര്യ കമ്മീഷന്റെ അവാർഡുപയോഗപ്പെടുത്തിയുള്ള റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ് പദ്ധതിപ്രകാരം 10 പഞ്ചായത്തുകളിലായി 649 യൂണിറ്റുകൾക്ക് 195.55 ലക്ഷം രൂപയാണ് മതിപ്പ് ചെലവ് കണക്കാക്കിയിരിക്കുന്നത്. ഇതിൽ 181 യൂണിറ്റുകൾ 2002-03-ൽ പൂർത്തീകരിച്ചു. ബാക്കി യൂണിറ്റുകളിൽ 2005-ൽ പദ്ധതി പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു.

(ഡി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ് സ്കീം

35 [6000] ശ്രീ. എം. എ. ചന്ദ്രശേഖരൻ:
,, കെ. മോഹൻകുമാർ:
,, തേറമ്പിൽ രാമകൃഷ്ണൻ:
,, എ. പി. അനിൽകുമാർ:
,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റെയിൻവാട്ടർ ഹാർവെസ്റ്റിംഗിനെ സംബന്ധിച്ച് പഠനം നടത്തുകയും ആയതിനുള്ള പരിപാടി ആസൂത്രണം ചെയ്യുകയും ചെയ്തിട്ടുണ്ടോ:

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സാമ്പത്തിക വർഷം പ്രസ്തുത സ്കീമിൽപ്പെടുത്തി എത്ര കുടുംബങ്ങൾക്ക് ഇതിൻപ്രകാരം ആവശ്യത്തിനുള്ള വെള്ളം സംഭരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഈ പരിപാടി പ്രകാരം ഒരു കുടുംബത്തിനാവശ്യമുള്ള വെള്ളം സംഭരിക്കുവാൻ എന്തുചെലവു വരും; അതിൽ ഗവൺമെന്റ് എന്ത് സഹായധനം നൽകും;

(ഡി) പോണ്ടിച്ചേരിയിലെ നഗരപ്രദേശങ്ങളിൽ "അരോവില്ലി" മാതൃകയിൽ ജല സംഭരണം നടത്തുവാൻ ഉദ്ദേശമുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന ഭൂജലവകുപ്പ് റെയിൻവാട്ടർ ഹാർവെസ്റ്റിംഗിനെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. കേരളാ വാട്ടർ അതോറിറ്റി റെയിൻവാട്ടർ ഹാർവെസ്റ്റിംഗ് ഉൾപ്പെടുന്ന 'വർഷ' പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കിവരുന്നു. 11-ാം ധനകാര്യ കമ്മീഷൻ അവാർഡുപയോഗപ്പെടുത്താനായി ആസൂത്രണം ചെയ്തു നടപ്പാക്കി വരുന്ന പദ്ധതികളിൽ റെയിൻവാട്ടർ ഹാർവെസ്റ്റിംഗ് പദ്ധതികളും ഉൾപ്പെടുത്തിയിട്ടുണ്ട്. ലോക ബാങ്ക് സഹായത്തോടെ തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി വഴി നടപ്പാക്കിവരുന്ന "ജലനിധി" പദ്ധതിയിൻകീഴിലും ഗുണഭോക്തൃ സമിതികൾക്ക് മഴവെള്ളം സ്രോതസ്സായി ഉപയോഗപ്പെടുത്താവുന്നതാണ്.

(ബി) "വർഷ" പദ്ധതി പൂർത്തിയാകുമ്പോൾ 2265 കുടുംബങ്ങൾക്കും 11-ാം ധനകാര്യ കമ്മീഷൻ അവാർഡുപയോഗപ്പെടുത്തിയുള്ള പദ്ധതികൾ പൂർത്തിയാകുമ്പോൾ 468 കുടുംബങ്ങൾക്കും റെയിൻവാട്ടർ ഹാർവെസ്റ്റിങ്ങിലൂടെ വെള്ളം സംഭരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ജലനിധി പദ്ധതിപ്രകാരം ഈ സാമ്പത്തിക വർഷം ഏകദേശം 2500 യൂണിറ്റുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നു.

(സി) 'വർഷ' പദ്ധതി പ്രകാരം 12,400 രൂപയാണ് ഒരു കുടുംബത്തിന് ചെലവ് കണക്കാക്കിയിട്ടുള്ളത്. അതിൽ 90% കേന്ദ്ര വിഹിതവും 10% ഉപഭോക്തൃവിഹിതവുമാണ്. 11-ാം ധനകാര്യ കമ്മീഷന്റെ അവാർഡുപയോഗിച്ചു നടപ്പിലാക്കിവരുന്ന റെയിൻവാട്ടർ ഹാർവെസ്റ്റിംഗ് പദ്ധതികൾക്ക് ശരാശരി 25,000 രൂപ മുതൽ 30,000 രൂപ വരെ ഒരു കുടുംബത്തിന് ചെലവ് കണക്കാക്കിയിരിക്കുന്നു. ഇതിന് 100% കേന്ദ്ര സഹായം ലഭിക്കും. ജലനിധി പദ്ധതിയിൽ ഒരു ലിറ്റർ സംഭരണശേഷിക്ക് 1.5—2 രൂപ ചെലവ് വരും. ഇതിന്റെ 75% പദ്ധതി വഹിക്കും.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ മഴവെള്ളം ശേഖരിക്കുന്ന പദ്ധതി

36 [6001] ശ്രീ. ഷിബു ബേബിജോൺ:
,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സന്നദ്ധ സംഘടനകളുടെ സഹകരണത്തോടുകൂടി മഴവെള്ളം ശേഖരിക്കുന്ന പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പിലാക്കുവാനായി സർക്കാർ എന്തെങ്കിലും പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly